# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>മിഷൻ 676</u>

5738 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മിഷൻ "676"ൽ ഉൾപ്പെടുത്തി തൊഴിൽ വകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തു തുക ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

ഇൻകം സപ്പോർട്ട് സ്കീം

5739 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ കൊണ്ടുവന്ന ഇൻകം സപ്പോർട്ട് സ്കീം ഏത് വർഷം മുതലാണ് നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുകവീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം തൊഴിൽ മേഖലയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും ഓരോ മേഖലയിലും ഓരോ വർഷവും എത്ര തുക വീതം വിതരണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) ഓരോ മേഖലയിലും എത്ര തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള തുക വർഷാവസാനം ഒറ്റതവണയായി നൽകുന്നതിനുപകരം അതത് മാസം വേതനത്തോടൊപ്പം നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സഞ്ജീവനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

5740

ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഞ്ജീവനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(ബി) ആർക്കെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് പദ്ധതി വഴി ലഭ്യമാവുന്നത്; വിശദമാക്കുമോ;

(ഡി) ആനുകൂല്യങ്ങളും സഹായങ്ങളും യഥാസമയം ലഭ്യമാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

5741 ശ്രീ. കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(ബി) ആർക്കെല്ലാമാണ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ പദ്ധതിയിൻ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കുടുംബങ്ങളെ അംഗങ്ങളാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

5742 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ കീഴിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും പിൻവാങ്ങുന്ന ആശുപത്രികൾ</u>

5743 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽനിന്ന് സഹകരണ/സ്വകാര്യ ആശുപത്രികൾ പിൻവാങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ പിൻവാങ്ങുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ മേൽ പദ്ധതിയിൽ എത്ര ആശുപത്രികൾ ഉണ്ട്; ഇവർക്ക് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>ടെക്സ്റ്റൈൽ ഷോപ്പുകളിലെ തൊഴിൽ ചൂഷണം</u>

5744 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ ഷോപ്പുകളിൽ വ്യത്യസ്ത തൊഴിലിലേർപ്പെട്ടവർ വ്യാപകമായി ചൂഷണം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നിയമനടപടികളാണ് ഇതിനെതിരായി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇത്തരം തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് തൊഴിൽ ഉടമകൾ ഉറപ്പുവരുത്തേണ്ട സൗകര്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>എംപ്ലോയിബിലിറ്റി സെന്റർ</u>

5745 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് എംപ്ലോയിബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളത്; എത്ര എണ്ണം ഇതിനകം എംപ്ലോയിബിലിറ്റി സെന്ററാക്കി മാറ്റിയിട്ടുണ്ട്;

(ബി) എംപ്ലോയിബിലിറ്റി സെന്റർ മുഖേന തൊഴിലന്വേഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്ത വികലാംഗർ</u>

5746 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ വികലാംഗരായിട്ടുള്ള എത്രപേരാണ് പേര് രജിസ്റ്റർ ചെയ്തു തൊഴിലിനായി കാത്തുനിൽക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര പേരെ സീനിയോറിറ്റി ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട് ; അവർ ആരെല്ലാമാണ് ; അവരിൽ ഒ.ബി.സി., എസ്.സി./എസ്.റ്റി. വിഭാഗക്കാർ എത്ര ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് വികലാംഗ ക്വാട്ടയിൽ നിയമനം ലഭിച്ചു ; അവർ ആരെല്ലാമാണ് ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന ജോലി ലഭിച്ചവരുടെ എണ്ണം**

5747 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കഴിഞ്ഞ 3 വർഷത്തിനുള്ളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് ജോലി നൽകി എന്ന് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന തൊഴിൽ ലഭിച്ചവരുടെ എണ്ണം

5748 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

2013-14 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് തൊഴിൽ നല്കി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഭൂവുടമവിഹിതം</u>

5749 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഭൂവുടമവിഹിതമായി എത്ര സംഖ്യയാണ് പിരിച്ചെടുത്തത് എന്ന് വിശദമാക്കുമോ ;

(ബി) ഓരോ ജില്ലയിൽ നിന്നും എത്ര കർഷകരിൽ നിന്നുമാണ് ഭൂവുടമാവിഹിതം ലഭിച്ചിട്ടുള്ളതെന്നും എത്ര സംഖ്യയാണ് ലഭിച്ചതെന്നും വിശദമാക്കുമോ ;

(സി) കർഷക തൊഴിലാളി ക്ഷേമനിധിയിലേക്ക് തൊഴിലാളി വിഹിതത്തിനനുസരിച്ച് സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ ; ഓരോ വർഷവും സർക്കാർ നല്കിയ വിഹിതം സംബന്ധിച്ച വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>നിർമ്മാണ തൊഴിലാളി ക്ഷേമനിധി തുക വിതരണം</u>

5750 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളികളുടെ ക്ഷേമനിധി വിതരണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

(സി) നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധി തുക യഥാസമയം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ബില്‍ഡിംഗ് ആന്റ് അദര്‍ കണ്‍സ്ട്രക്ഷന്‍ വര്‍ക്കേഴ്സ്</u>
<u>വെല്‍ഫെയര്‍ സെസ്സ് ആക്ട്, 1996 (കേന്ദ്ര ആക്ട്)</u>

5751 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

(എ) ബില്‍ഡിംഗ് ആന്റ് അദര്‍ കണ്‍സ്ട്രക്ഷന്‍ വര്‍ക്കേഴ്സ് വെല്‍ഫെയര്‍ സെസ്സ് ആക്ട്, 1996 (1996-ലെ 28-ാം നമ്പര്‍ കേന്ദ്ര ആക്ട്) കേരളത്തില്‍ എന്നുമുതല്‍ പ്രാബല്യത്തില്‍ വന്നു എന്ന് അറിയിക്കുമോ;

(ബി) ഈ ആക്ട് അനുസരിച്ച് ഓരോതരം കെട്ടിടങ്ങള്‍ക്കും (താമസത്തിനുള്ളവ/കച്ചവടാവശ്യത്തിനുള്ളവ) ഈടാക്കുന്ന സെസ്സിന്റെ വിശദാംശം ലഭ്യമാക്കുമോ; താമസ്സിക്കുന്നതിനുള്ള കെട്ടിടങ്ങളെ എത്ര മീറ്റര്‍ സ്ക്വയര്‍ വരെയാണ് സെസ്സില്‍ നിന്ന് ഒഴിവാക്കിയിട്ടുള്ളത് ; കച്ചവടാവശ്യങ്ങള്‍ക്കുള്ള കെട്ടിടങ്ങളെ എത്ര മീറ്റര്‍ സ്ക്വയര്‍ വരെയാണ് സെസ്സില്‍ നിന്ന് ഒഴിവാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) 1996-നുശേഷം നിര്‍മ്മിച്ചവയും നാളിതുവരെ സെസ്സ് ഈടാക്കാത്തതുമായ കെട്ടിടങ്ങളുടെ കാര്യത്തില്‍ എന്തു നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത് ;

(ഡി) തിരുവനന്തപുരം ജില്ലയില്‍ നെടുമങ്ങാട് താലൂക്കില്‍ ആനാട് വില്ലേജില്‍ നിന്നും 2000 മുതല്‍ ഈടാക്കിയ സെസ്സ്, കെട്ടിട ഉടമകളുടെ വിശദവിവരം എന്നിവ ലഭ്യമാക്കുമോ;

(ഇ) 2000-നുശേഷം പ്രസ്തുത വില്ലേജില്‍ സെസ്സില്‍ നിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കില്‍ ഇതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ

02.07.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനതൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ</u>

5752 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

അന്യസംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമനിധി</u>

5753 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളിൽ എത്ര പേർക്കാണ് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ളത്;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ</u>

5754

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷന് സംസ്ഥാനത്ത് ജില്ലാതലങ്ങളിൽ എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ സ്ഥലത്ത് വച്ച് മരണപ്പെട്ടാൽ മതിയായ നഷ്ടപരിഹാരവും ആനുകൂല്യങ്ങളും നൽകുവാൻ വ്യവസ്ഥ ചെയ്യുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>ആഭരണ വ്യാപാരികളിൽ നിന്നും പിരിച്ചെടുക്കേണ്ട സെസ്സ്</u>

5755 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതിയിലേക്ക് വ്യാപാരികളിൽ നിന്നും പിരിക്കേണ്ട സെസ്സ് മൂന്നുവർഷമായി പിരിച്ചെടുക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തുകൊണ്ടാണ് ഇത് പിരിച്ചെടുക്കുവാൻ സാധിക്കാത്തതെന്നു വ്യക്തമാക്കുമോ ;

(സി) സെസ്സ് പിരിക്കുന്നതിനെതിരെ വ്യാപാരികൾ റിട്ട് ഫയൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ദിവസ വേതനം വർദ്ധിപ്പിക്കാൻ നടപടി</u>

5756 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദിവസ വേതന ജോലിക്കാരുടെ പ്രതിദിനവേതനം ഏറ്റവും ഒടുവിൽ പുതുക്കിയത് എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒടുവിൽ മിനിമംവേതനം പുതുക്കിയശേഷം ജീവിത ച്ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവ് കണക്കി ലെടുത്ത് ദിവസവേതനത്തിൽ തദനുസരണമായ മാറ്റം വരുത്താൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂൾ സ്റ്റാഫിന്റെ മിനിമം വേതനവും പി.എഫും</u>

5757 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

അൺ എയ്ഡഡ് സ്കൂളുകളിലെ ടീച്ചീംഗ് & നോൺ ടീച്ചിംഗ് സ്റ്റാഫിന് മിനിമം വേതനവും പി.എഫും ലഭ്യമാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരച്ച നടപടികൾ വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**വേരിയബിള്‍ ഡി.എ. നിര്‍ണ്ണയിക്കുന്നതിന്റെ അടിസ്ഥാന വര്‍ഷം പുനര്‍നിര്‍ണ്ണയം**

5758 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ തൊഴിലാളികളുടെ വേരിയബിള്‍ ഡി.എ. നിര്‍ണ്ണയിക്കുന്നതിന്റെ അടിസ്ഥാനവര്‍ഷം പുനര്‍നിര്‍ണ്ണയം ചെയ്യുന്നതിന് വേണ്ടി ഏതെങ്കിലും കമ്മീഷന്‍ സര്‍ക്കാരിന് റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോര്‍ട്ടിന്മേല്‍ യാതൊരു നടപടിയും ഇത് വരെ സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ എന്താണ് കാരണമെന്ന് വിശദമാക്കാമോ;

(ഡി) ഈ വര്‍ഷത്തില്‍ വ്യവസായ വകുപ്പും തൊഴില്‍ വകുപ്പും സംയുക്തമായി ആലോചിച്ച് ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകളുടെ പരിഷ്കരണം</u>

5759 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പെൻഷനുകളും ക്ഷേമനിധി വിഹിതവും കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തവർ കുടിശ്ശിക വരുത്തിയത് ക്രമപ്പെടുത്തുവാൻ അദാലത്തുകൾ നടത്തുന്നകാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കശുവണ്ടി തൊഴിലാളികള്‍ നേരിടുന്ന പ്രശ്നങ്ങള്‍</u>

5760 ശ്രീ. എം.എ. ബേബി
,, പി.കെ. ഗുരുദാസന്‍
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മൂന്ന് ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികള്‍ നേരിടുന്ന പ്രശ്നം പരിഹരിക്കാനായി എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം എത്രയെന്നും അതു പുതുക്കി നിശ്ചയിച്ചിട്ട് എത്ര കാലമായെന്നും അറിയിക്കാമോ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തിലെത്തിയതിനു ശേഷം കശുവണ്ടി വികസന കോര്‍പ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികളില്‍ ഓരോ വര്‍ഷവും എത്ര വീതം ദിവസങ്ങളില്‍ തൊഴില്‍ നല്‍കിയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ മുതലാളിമാരുടെ തൊഴില്‍ ചൂഷണം അവസാനിപ്പിക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള ധനസഹായ കുടിശ്ശിക</u>

5761 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇന്നേവരെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) എത്ര തൊഴിലാളികൾക്ക് അധിവർഷാനുകൂല്യം കൊടുക്കാൻ ബാക്കിയുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) വിവാഹ ധനസഹായം, ചികിത്സാ സഹായം, പ്രസവാനുകൂല്യം എന്നിവ ലഭിക്കുന്നതിനായി സമർപ്പിച്ച എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
02.07.2014-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം നൽകുന്നതിനുള്ള പദ്ധതി</u>

5762 ശ്രീ. പാലോട് രവി
'' അൻവർ സാദത്ത്
'' ഷാഫി പറമ്പിൽ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തോട്ടം തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം നൽകുന്ന പദ്ധതിക്കുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
02.07.2014-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യം</u>

5763 ശ്രീ. സണ്ണി ജോസഫ്
,, പി.സി. വിഷ്ണുനാഥ്
,, പി.എ. മാധവൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് ഇതുവഴി തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ക്ഷേമനിധിക്കുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ക്ഷേമനിധി ബോർഡ് വഴി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**<u>കര്‍ഷകതൊഴിലാളി ക്ഷേമനിധി ബോര്‍ഡ് നല്‍കുന്ന ആനുകൂല്യങ്ങള്‍</u>**

5764 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകതൊഴിലാളി ക്ഷേമനിധി ബോര്‍ഡില്‍ നിന്ന് ഇപ്പോള്‍ നല്‍കിവരുന്ന വിവിധ ആനുകൂല്യങ്ങള്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷ നല്‍കി കാത്തിരിക്കുന്നവര്‍ക്ക് എപ്പോള്‍ ആനുകൂല്യം വിതരണം ചെയ്യുമെന്ന് അറിയിക്കുമോ;

(സി) കുടിശ്ശിക നല്‍കുന്നതിനുള്ള തുക ബോര്‍ഡിന്റെ കൈവശമുണ്ടോ; ഇല്ലെങ്കില്‍ കുടിശ്ശിക ആനുകൂല്യങ്ങള്‍ വിതരണം ചെയ്യുവാന്‍ എന്തു നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

കര്‍ഷകതൊഴിലാളികളുടെ ആനുകൂല്യങ്ങള്‍ നല്‍കുന്നതിലുള്ള കുടിശ്ശിക

5765 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകതൊഴിലാളികള്‍ക്ക് ആനുകൂല്യങ്ങള്‍ നല്കാനുള്ള കുടിശ്ശിക ഇനത്തില്‍ കര്‍ഷകതൊഴിലാളി ക്ഷേമനിധി ബോര്‍ഡിന്റെ ആകെ ബാധ്യത എത്ര കോടി രൂപ വരുമെന്ന് അറിയിക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം കര്‍ഷക തൊഴിലാളി ക്ഷേമനിധി ബോര്‍ഡിന് ബാധ്യത തീര്‍പ്പാക്കുന്നതിനു വേണ്ടി ധനസഹായം നല്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഉണ്ടെങ്കില്‍ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സാമ്പത്തിക വര്‍ഷത്തെ സംസ്ഥാന ബഡ്ജറ്റില്‍ കര്‍ഷകതൊഴിലാളി ക്ഷേമനിധി ബോര്‍ഡിന് നല്കാന്‍ എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്ര എന്നറിയിക്കുമോ; ഇല്ലെങ്കില്‍ കുടിശ്ശിക തീര്‍ക്കാന്‍ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ഇ.എസ്.ഐ. ഡോക്ടർമാരുടെ പെൻഷൻ പ്രായം</u>

5766 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ഡോക്ടർമാരുടെ എത്ര ഒഴിവുകളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇ.എസ്.ഐ. ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്താൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പെൻഷൻ പ്രായം ഉയർത്തുന്നതിന് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## കേരള നിയമസഭ
02.07.2014-ലെ മറുപടിക്ക്

<u>കൊണ്ടോട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി</u>

5767 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങാനുള്ള നിർദ്ദേശത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ധനകാര്യവകുപ്പിൽ അംഗീകാരത്തിനായി സമർപ്പിച്ച 7550/എഫ്3/10 എന്ന തൊഴിൽ വകുപ്പിലെ ഫയലിൽ എന്ത് നടപടിയാണ് ഉണ്ടായിട്ടുള്ളത് ;

(സി) കൊണ്ടോട്ടിയിലെ ഇ.എസ്.ഐ. ഡിസ്പെൻസറി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>സെക്യൂരിറ്റി സ്കിൽഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്</u>

5768 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി സ്കിൽഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിവിധ മേഖലകളിലെ തൊഴിലാളികളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കൽ

5769 ശ്രീ. ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, എം.എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിനും ജോലി ഉറപ്പാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് നടത്തിയത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം സംരംഭങ്ങൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സ്ഥാപനങ്ങളും സംരംഭകരുമാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഏതെല്ലാം തൊഴിൽ മേഖലകളിലാണ് ഇത് വഴി വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

ഐ. റ്റി.ഐ. കോഴ്സുകളിൽ കാലോചിതമായ പരിഷ്ക്കരണം

5770 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. റ്റി. ഐ.കളിൽ കാലോചിതമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾ ഏതെല്ലാം ഐ. ടിഐ. കളിലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ കോഴ്സുകൾ എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>പുറക്കാട് സർക്കാർ ഐ.റ്റി.ഐ.യ്ക്ക് പുതിയ കെട്ടിടം</u>

5771 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗവൺമെന്റ് ഐ.റ്റി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കാൻ പുറക്കാട് ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ടും ഭരണാനുമതിയും നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**വയനാട് ജില്ലയിലെ അന്താരാഷ്ട്രാ നിലവാരത്തിലുള്ള ഐ. ടി. ഐ. കൾ**

5772 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഐ. ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന പദ്ധതിയിൽ വയനാട് ജില്ലയിൽ നിന്ന് ഏതെങ്കിലും ഐ.ടി.ഐ.കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിലേക്ക് ഐ. ടി. ഐ. കളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?